ത്തിച്ചു. കൂടുതൽ സഹായധനവും അരി
യും നൽകാമെന്നും സബ് ഡിവിഷനിലെ
അധികൃതന്മാർ അവർക്ക് ഉറപ്പുകൊടുത്തു.
പി. ടി.

വൈവാഹികം

പട്ടാമ്പി, മെയ്: 6— ലീഗ്പ്രസിഡന്റ് ജനാബ് കെ. പി. തങ്ങളും പരപ്പനങ്ങാടി ജനാബ് കെ. സീതിക്കോയത്തങ്ങളുടെ മകനും ഫാത്തിമത്തുസ്സുഹറാബീവിയും തമ്മിലുള്ള വിവാഹം ഇന്നലെ നടത്തപ്പെട്ടു.

തദവസരത്തിൽ ഉദ്യോഗസ്ഥന്മാരും വക്കീലന്മാരും പൌരപ്രമാണികളുമായ അനേകം ഹിന്ദുസഹോദരന്മാരും മലപ്പുറം ഡിവിഷനിലെ ലീഗ്സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ജനാബ് അസ്സൻകുട്ടികരിങ്ങളും മറ്റും സംബന്ധിച്ചിരുന്നു. മദിരാശിയിൽനിന്നും ജനാബ് ബി. പോക്കർ സാഹിബ് എം. എൽ. എ, ജനാബ് കെ. എം. സീതിസാഹിബ് എം. എൽ. എ മുതലായ ലീഗ്നേതാക്കളുടെയും, കോൺഗ്രസ്സ് എം. എൽ. എ എം. പി. ഗോവിന്ദമേനോന്റെയും സന്ദേശങ്ങളും ലഭിച്ചിരുന്നു.

മദിരാശി ഗവർണ്ണർ

കണ്ണൂരിൽ